അയിലം പാലം നിർമ്മാണം

148(2789) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കാലങ്ങളേറെയായ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) അയിലം പാലത്തിന്റെ 3 സ്പാനുകളുടേയും നിർമ്മാണ പ്രവൃത്തി പൂർത്തിയായി. അപ്രോച്ച് റോഡിന്റേയും പുഴയുടെ സംരക്ഷണ ഭിത്തിയുടേയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് 621 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതിൽ 34,88,268.47 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. എസ്. സതീഷ് ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത്.

മൻറം പാലം

149(2790) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-മാനന്തവാടി സ്റ്റേറ്റ് ഹൈവേയിലെ മൻറം പാലം പുനർനിർമ്മിക്കുന്നതിന് ഉള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പുനർനിർമ്മാണം എന്നത്തേക്ക് തുടങ്ങുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കണ്ണൂർ കുത്തുപറമ്പ് മാനന്തവാടി സ്റ്റേറ്റ് ഹൈവേയിലുള്ള തകരാറിലായ മൻറം പാലം പുതുക്കി പണിയുന്നതിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാകാതിരുന്നതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. മൻറം പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുവേണ്ടി ആകെ ആവശ്യമായ 0.518 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly